# കേരള സർവകലാശാല

നം.പി.ആർ.187/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ബി.എ ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ (ഈവനിംഗ് - 2008 സ്കീം) റഗുലർ & സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്‌സി/ബി.സി.എ ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എസ്‌സി/ബി.സി.എ (സി.ബി.സി.എസ്.എസ് - 2013 സപ്ലിമെന്ററി, 2014 സ്കീം ഇംപ്രൂവ്മെന്റ്, 2015 സ്കീം റഗുലർ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 27 വരെ അപേക്ഷിക്കാം.

### മൂല്യനിർണ്ണയ ക്യാമ്പ്

കേരള സർവകലാശാല ജൂൺ/ആഗസ്റ്റിൽ നടത്തിയ നാല്, രണ്ട് സെമസ്റ്റർ ബി.എ, ബി.എസ്‌സി, ബി.കോം കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ ഒക്ടോബർ 18 മുതൽ 25 വരെ എല്ലാ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലേയും റഗുലർ ക്ലാസുകൾ റദ്ദ് ചെയ്തുകൊണ്ട് തിരുവനന്തപുരം ഗവ. വിമൻസ് കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, ഗവ. ആർട്സ് കോളേജ്, ഗവ. സംസ്കൃത കോളേജ്, കൊല്ലം എസ്.എൻ കോളേജ്, എസ്.എൻ വനിതാ കോളേജ്, പന്തളം ഡി.ഒ.ഐ.സി, ആലപ്പുഴ എസ്.ഡി കോളേജ് എന്നിവിടങ്ങളിൽ തുടങ്ങും. ബന്ധപ്പെട്ട അദ്ധ്യാപകർ അതത് ക്യാമ്പുകളിൽ ഹാജരാകണം.

### കൗൺസിലിംഗ് സൈക്കോളജി: സീറ്റൊഴിവ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം കൊല്ലം ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളേജിൽ തുടങ്ങുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി കോഴ്സിന് സീറ്റൊഴിവുണ്ട്. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ കോളേജ് ഓഫീസിൽ നിന്നും നിശ്ചിത ഫോറം വാങ്ങി പൂരിപ്പിച്ച് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം കോളേജിൽ സമർപ്പിക്കണം. ഫോൺ. 0474-2712240.

### എം.ബി.എ പ്രോജക്ട്

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ (ഫുൾടൈം റഗുലർ (ഈവനിംഗ്), ട്രാവൽ ആൻഡ് ടൂറിസം, യു.ഐ.എം (2014 സ്കീം) പരീക്ഷയുടെ പ്രോജക്ട് സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 17.

## ബി.എ (സി.ബി.സി.എസ്.എസ്) ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ഒന്നാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ആൻഡ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, കമ്മ്യൂണിക്കേറ്റീവ് അറബിക്, ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് വീഡിയോ പ്രൊഡക്ഷൻ, മലയാളം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ (2013, 2014, 2015 അഡ്മിഷൻ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി നഴ്സിംഗ് ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ മൂന്നാം വർഷ ബി.എസ്സി നഴ്സിംഗ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 28 വരെ അപേക്ഷിക്കാം.

## പി.ജി ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ, എം.എസ്സി, എം.എസ്.ഡബ്ലിയു, എം.എ.എച്ച്.ആർ.എം, എം.പി.എ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ഒക്ടോബർ/നവംബറിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
07.10.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098